**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കോഴിക്കോട്, കോടഞ്ചേരി ഗ്രാമപഞ്ചായത്തിലെ ചെമ്പുകടവ് കോഴിക്കോടൻചാൽ മുകൾഭാഗത്ത് KSEB പവർഹൗസിലേക്ക് വെള്ളം കൊണ്ടുപോകുന്ന കനാലിന് കുറുകെ 3 മീ കാര്യേജ് വേ ലഭ്യമാകുംവിധം പാലം നിർമ്മിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2605/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 18/12/2021

---

പരാമർശം:-

1. കോടഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 03.11.2020 ലെ എ4-2750/20 നമ്പർ കത്ത്.
2. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 18.08.21 ലെ DB4/5588/21/CE/LID &EW നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ കോടഞ്ചേരി ഗ്രാമപഞ്ചായത്തിലെ മൂന്നാം വാർഡിൽ പെട്ട ചെമ്പുകടവ് കോഴിക്കോടൻചാൽ മുകൾഭാഗത്ത് KSEB പവർഹൗസിലേക്ക് വെള്ളം കൊണ്ടുപോകുന്ന കനാലിന് കുറുകെ നിലവിലുള്ള നടപ്പാലത്തിന് പകരം വാഹന ഗതാഗതത്തിന് ഉതകുന്ന രീതിയിൽ 4 മീറ്റർ വീതിയിൽ പാലം നിർമ്മിക്കുന്നതിന് അനുമതി ലഭ്യമാക്കണം എന്ന് പരാമർശം (1) പ്രകാരം കോടഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടിരുന്നു.

പ്രസ്തുത കനാലിന് കുറുകെ പാലം നിർമ്മിക്കണമെന്ന ആവശ്യത്തിന് കെ.എസ്.ഇ.ബി ഫുൾടൈം ഡയറക്ടർമാരിൽ നിന്നും പെർമിസ്സീവ് സാംങ്ഷൻ ലഭിച്ചിട്ടുണ്ടെന്നും, നിർമ്മാണം ഉദ്ദേശിക്കുന്ന കൾവെർട്ടിന്റെ ഡിസൈൻ കെ.എസ്.ഇ.ബി ചീഫ് എഞ്ചിനീയറുടെ (സിവിൽ കൺസ്ട്രക്ഷൻ നോർത്ത്) അംഗീകാരത്തോടെ ഗ്രാമ പഞ്ചായത്തിന്റെ ചെലവിൽ നിർമ്മിക്കണമെന്ന് നിബന്ധന ഉള്ളതാണെന്നും, മേൽ അനുമതി പ്രകാരം 3 മീ കാര്യേജ് വേ ലഭ്യമാകുന്ന രീതിയിൽ നിർമ്മാണം സാധ്യമാണെന്നും , ആയതിനാൽ കൾവർട്ട് നിർമ്മിക്കുന്നതിനായി കോടഞ്ചേരി ഗ്രാമ പഞ്ചായത്തിന് അനുമതി നൽകാവുന്നതാണെന്നും പരാമർശം (2) പ്രകാരം തസ്വഭവ ചീഫ് എഞ്ചിനീയർ സർക്കാരിൽ ശിപാർശ സമർപ്പിക്കുകയുണ്ടായി.

മേൽ വിഷയം സർക്കാർ വിശദമായി പരിശോധിക്കുകയും കോടഞ്ചേരി ഗ്രാമപഞ്ചായത്തിലെ മൂന്നാം വാർഡിൽ പെട്ട ചെമ്പുകടവ് കോഴിക്കോടൻചാൽ മുകൾഭാഗത്ത് KSEB പവർഹൗസിലേക്ക് വെള്ളം കൊണ്ടുപോകുന്ന കനാലിന് കുറുകെ നിലവിലുള്ള നടപ്പാലത്തിന് പകരം വാഹന ഗതാഗതത്തിന് ഉതകുന്ന രീതിയിൽ 3 മീ കാര്യേജ് വേ ലഭ്യമാകുന്ന വിധം പാലം നിർമ്മിക്കുന്നതിന്, കൾവർട്ടിന്റെ ഡിസൈൻ കെ.എസ്.ഇ.ബി ചീഫ് എഞ്ചിനീയറുടെ (സിവിൽ കൺസ്ട്രക്ഷൻ നോർത്ത്) അംഗീകാരത്തോടെ കോടഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ ചെലവിൽ നിർമ്മിക്കേണ്ടതാണ് എന്ന വ്യവസ്ഥയിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം .

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

പ്രസിഡന്റ്/സെക്രട്ടറി, കോടഞ്ചേരി ഗ്രാമപഞ്ചായത്ത് , കോഴിക്കോട്

മാനേജിംഗ് ഡയറക്ടർ, KSEB, തിരവനന്തപുരം.

ചീഫ് എഞ്ചിനീയർ, KSEB, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ്  ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം.

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by Sureshkumar K
Date: 21-12-2021 13:16:14
Reason: Approved

സെക്ഷൻ ഓഫീസർ